മലേറിയ ഇറാഡിക്കേഷൻ കണ്ടിൻജൻസി ഫീൽഡ് സ്റ്റാഫ്

* 224. [13] ശ്രീ. പി. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ മലേറിയ ഇറാഡിക്കേഷൻ കണ്ടിൻജൻസി ഫീൽഡ് സ്റ്റാഫ് യൂണിയൻ എന്ന സംഘടന ഗവണ്മെൻറിനു വല്ല നിവേദനവും സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൽ യൂണിയൻ ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയാണ് ;

(സി) ആവശ്യങ്ങൾ അനുവദിക്കുന്ന കാര്യം ഗവണ്മെൻറ് അനുഭാവപൂർവ്വം പരിഗണിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി) 1. മലേറിയ നിവാരണ പദ്ധതിയിൽ ഏർപ്പെട്ടിരിക്കുന്ന ജോലിക്കാരെ ഗവണ്മെൻറിൻെറ കീഴിലുള്ള വിവിധ ഡിപ്പാർട്ടുമെൻറുകളിൽ അവരുടെ പരീക്ഷായോഗ്യതക്കനുസൃതമായി പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനപരിധിയിൽനിന്നും ഒഴിവാക്കി നിയമിക്കുക.

2. മേൽപറഞ്ഞ ആളുകളുടെ മലേറിയാ വകുപ്പിലുള്ള സർവീസ് പരിഗണിക്കുകയും പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനത്തിൽ അത്രയും കാലയളവ് ഇളവുചെയ്യാൻ അനുവദിക്കുകയും ചെയ്യുക.

3. ഹെൽത്ത് സർവ്വീസ് ഡിപ്പാർട്ടുമെൻറിൻെറ കീഴിലുണ്ടാകുന്ന ഹെൽത്ത് ഇൻസ്പെക്ടർ, കമ്പൗണ്ടർ, ലെപ്രസി ഹെൽത്ത് വിസിറ്റർ തുടങ്ങിയ ട്രെയിനിംഗ് പരിപാടികളിലേക്കുള്ള സീറ്റുകളിൽ 50 ശതമാനം മേൽപറയപ്പെട്ടവർക്കുവേണ്ടി മാറ്റിവയ്ക്കുക.

(സി) അവ ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

മരച്ചീനികൃഷി.

* 225. [15] ശ്രീ. ഡി. ദാമോദരൻപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരച്ചീനികൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും, മേലിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) ഈ സംസ്ഥാനത്ത് ആകെ ഉൽപാദിപ്പിക്കപ്പെടുന്ന മരച്ചീനി എത്രയുണ്ടെന്നും ആയതിൽ ആഹാരത്തിനുവേണ്ടി എത്ര ഉപയോഗിക്കുന്നുവെന്നും വ്യവസായാവശ്യങ്ങൾക്കുവേണ്ടി സ്റ്റാർച്ച് നിർമ്മിച്ച് പുറത്തു അയയ്ക്കുന്നതു എത്രയാണെന്നും വല്ല കണക്കുകളും ഉണ്ടോ ;

(സി) മരച്ചീനിയുടെ വില ദൈനംദിനം കുറഞ്ഞുവരുന്നു എന്നതിനെ പുരസ്കരിച്ച് കർഷകർക്ക് എന്തെങ്കിലും പ്രത്യേകാനുകൂല്യങ്ങൾ ചെയ്തുകൊടുക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) കേരളത്തിലെ സുപ്രധാനമായ ഒരു ഭക്ഷ്യവിളവ് എന്ന നിലയിൽ മരച്ചീനികൃഷി പ്രോത്സാഹിപ്പിക്കുവാൻ ഒരു കേന്ദ്ര മരച്ചീനിബോർഡ് രൂപീകരിക്കുവാൻ ഇൻഡ്യാഗവണ്മെൻറിനോട് ശുപാർശ ചെയ്യുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു മരച്ചീനിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മേൽത്തരം മരച്ചീനിത്തണ്ടുകളുടെ കമ്പുകൾ കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി നടപ്പിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly